6. തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകുക.
7. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് കീഴിലുള്ള ലാറി ബേക്കർ ഇന്റർ നാഷണൽ ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനം വഴി എഞ്ചിനീ യർമാർക്ക് കൺസ്ട്രക്ഷൻ മാനേജ്മെന്റിൽ പരിശീലനം നൽകുക.
8. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് നിർമ്മിതിയുടെ സേവനം നൽകുക.

(സി) നിലവിൽ ഓരോ വർഷവും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി കലവറ, പ്രൊഡക്ഷൻ സെന്റർ തുടങ്ങിയ ജനങ്ങൾക്ക് ആവശ്യമായ എല്ലാ പദ്ധതികളും പുതുതായി ആരംഭിക്കുകയും നിലവിലുള്ളവ പുനരുദ്ധരിക്കുകയും ചെയ്തു വരുന്നു. പുതിയ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിന്റെ ഭാഗമായി ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് തുടങ്ങി. അതോടൊപ്പം ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാഴമുട്ടത്ത് 6.95 ഏക്കർ സ്ഥലത്ത് ഗവേഷണ സ്ഥാപനം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 73 കോടി രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കേന്ദ്ര ഗവൺമെന്റ്, സ്വകാര്യ വ്യക്തികൾ എന്നിവയുടേതാണ് ഈ പ്രോജക്ടുകൾ. 1 കോടി രൂപയ്ക്കുമേലുള്ള ചില പ്രധാനപ്പെട്ട പ്രോജക്ടുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഇ) സർക്കാർ മേഖലയിലെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിനെയല്ലാതെ മറ്റ് ഏജൻസികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

സർക്കാർ ജീവനക്കാർക്ക് ഭവന പദ്ധതി

153 (7989) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്ക് ഭവനപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഭവന നിർമ്മാണ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എവിടങ്ങളിലൊക്കെയാണ് പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഭവനങ്ങളുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; ജീവനക്കാരനെ തെരഞ്ഞെടുക്കുന്നത് എങ്ങനെ; ഭവനത്തിന്റെ വില ജീവനക്കാരൻ അടയ്ക്കേണ്ടത് എപ്രകാരമാണ്; തുടങ്ങിയ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിക്കായി 2010-11, 2011-12, 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലെ സർക്കാർ ബഡ്ജറ്റിലൂടെ പദ്ധതിച്ചെലവ് അനുവദിച്ചിട്ടുണ്ട്. അതുപ്രകാരം 2010-11 സാമ്പത്തിക വർഷം മുതൽ ബോർഡ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്.

(ബി) ഇടുക്കി ജില്ലയിൽ ദേവികുളത്തും കാസർഗോഡ് ജില്ലയിൽ കാസർഗോഡും തൃശ്ശൂർ ജില്ലയിൽ കുട്ടനെല്ലൂരുമാണ് ഈ പദ്ധതി നിലവിൽ നടപ്പിലാക്കുന്നത്.

(സി) എസ്റ്റിമേറ്റ് തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ദേവികുളം സർക്കാർ ക്വാർട്ടേഴ്സ് ഫേസ് II (6 യൂണിറ്റുകൾ)	- 1,82,00,000 രൂപ.
ദേവികുളം സർക്കാർ ക്വാർട്ടേഴ്സ് ഫേസ് III (6 യൂണിറ്റുകൾ)	- 2,00,00,000 രൂപ.
കുട്ടനെല്ലൂർ സർക്കാർ ക്വാർട്ടേഴ്സ് ഫേസ് III (6 യൂണിറ്റുകൾ)	- 1,31,00,000 രൂപ.
കാസർഗോഡ് ഫേസ് I (12 യൂണിറ്റുകൾ)	- 1.82,08,125 രൂപ.
കാസർഗോഡ് ഫേസ് II (12 യൂണിറ്റുകൾ)	- 1,57,84,000 രൂപ.
കാസർഗോഡ് ഫേസ് III (12 യൂണിറ്റുകൾ)	- 2,38,00,000 രൂപ.

പ്ലാൻ ഫണ്ട് വിനിയോഗിച്ച് സർക്കാർ ഭൂമിയിൽ ബോർഡ് നിർമ്മിച്ച് കൈമാറുന്ന ഫ്ലാറ്റുകളുടെ അലോട്ട്മെന്റ് മാനദണ്ഡങ്ങളും വാടകയും നിശ്ചയിച്ച് അർഹതപ്പെട്ട സർക്കാർ ജീവനക്കാർക്ക് അലോട്ട് ചെയ്യുന്നത് ജില്ലാ കളക്ടറാണ്.

LIBRARY ARCHIVES Kerala Legislative Assembly